"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കാസർഗോഡ് ബ്ലോക്ക് പഞ്ചായത്ത് പുതിയ ഓഫീസ് കെട്ടിട നിർമ്മാണം - പാർട്ട് ബിൽ തുക നൽകാൻ അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**സ.ഉ.(സാധാ) നം.131/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 19/01/2021

പരാമർശം:- 1 സ.ഉ.(സാധാ)നം-566/2017/ത.സ്വ.ഭ.വ തീയതി 01.03.2017

2 കാസർഗോഡ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 24.09.2020-ലെ കത്ത്

**ഉത്തരവ്**

കാസർഗോഡ് ബ്ലോക്ക് പഞ്ചായത്തിന് 2 കോടി രൂപ ചെലവിൽ പുതിയ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് പരാമർശം (1) ഉത്തരവ് പ്രകാരം ഭരണാനുമതി നൽകുകയുണ്ടായി. 2016-17-ലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് അനുബന്ധം II-ൽ ടി പ്രവൃത്തി ഉൾപ്പെടുത്തിയിരുന്നെങ്കിലും നടപ്പ് വർഷത്തെ ബഡ്ജറ്റിൽ ടി ആവശ്യത്തിലേക്കുള്ള തുക വകയിരുത്തിയിട്ടില്ല എന്നതിനാൽ പണി പുരോഗമിച്ചുകൊണ്ടിരിക്കുന്ന പ്രവൃത്തിയുടെ പാർട്ട് ബിൽ അനുവദിക്കുന്നതിനായി അടിയന്തിരമായി തുക അനുവദിക്കണമെന്ന് പരാമർശം (2) പ്രകാരം കാസർഗോഡ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അപേക്ഷിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാസർഗോഡ് ബ്ലോക്ക് പഞ്ചായത്തിന്റെ പുതിയ ഓഫിസ് കെട്ടിട നിർമ്മാണത്തിനായി ഗ്രാമവികസന കമ്മീഷണർ സമർപ്പിച്ച ശുപാർശ നിബന്ധനകൾക്ക് വിധേയമായാണ് പരാമർശം (1) പ്രകാരം അനുമതി നൽകിയിട്ടുള്ളത്. ടി ഉത്തരവിലെ നിബന്ധനകൾ പാലിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതായിട്ടുണ്ട്. എന്നാൽ കെട്ടിട നിർമ്മാണം നിലവിൽ പുരോഗമിക്കുന്ന സാഹചര്യത്തിൽ പ്രവൃത്തിയുടെ ആദ്യ പാർട്ട് ബിൽ തുക 2515-00-197-36-01 എന്ന ശീർഷകത്തിൽ നിന്നും വഹിക്കാൻ അനുമതി നൽകി ഉത്തരവാകുന്നു.

3. ബാക്കി തുകയ്ക്കുള്ള പ്രപ്പോസൽ സമർപ്പിക്കുന്നതിന് മുൻപ് ഭരണാനുമതി നൽകിക്കൊണ്ടുള്ള പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടോ എന്ന വിവരം ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബിജുക്കുട്ടൻ എം എസ്**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്:ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

ചീഫ് എഞ്ചിനിയർ, തദ്ദേശ സ്വയംഭരണം, തിരുവനന്തപുരം

സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്, കാസർഗോഡ്

ധനകാര്യ വകുപ്പ് (ENo:201289/Dev-3/92/2016-Fin)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ, ഐ&പിആർഡി

ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by NISAM N
Date: 2021.01.15 16:16:48
IST
Reason: Approved

സെക്ഷൻ ഓഫീസർ